## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5884 30/07/2015 – ൽ മറുപടിയ്ക്ക്

### സാഫല്യം, സാന്ത്വനം, സൗഭാഗ്യം, ഗൃഹശ്രീ പദ്ധതികളിലൂടെ നൽകിയ വീടുകൾ

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. സി. ദിവാകരൻ | | ശ്രീ. കെ.എം.മാണി<br>(ധന-നിയമ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി) |
| എ) സാഫല്യം, സാന്ത്വനം, സൗഭാഗ്യം, ഗൃഹശ്രീ എന്നീ പദ്ധതികളിലൂടെ എത്ര വീടുകളാണ് നൽകിയതെന്ന് വിശദമാക്കമോ? | എ) | **സാഫല്യം ഭവന പദ്ധതി**<br>സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റുകൾ നിർമ്മിച്ച്നൽകുന്നതാണ് സാഫല്യം ഭവന പദ്ധതി. ഈ പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ ചാത്തന്നൂരിൽ 48 ഫ്ളാറ്റുകൾ പൂർത്തിയായിട്ടുണ്ട്. ഫ്ലാറ്റുകൾ അനുവദിച്ച് നൽകിയിട്ടില്ല.<br>**സാന്ത്വനം വാടക വീട് പദ്ധതി**<br>മെഡിക്കൽ കോളേജിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും കുറഞ്ഞ വാടകയ്ക്ക് താമസസൗകര്യം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കുന്ന സാന്ത്വനം വാടക വീട് പദ്ധതിയിലൂടെ |

കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപമുള്ള ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ആദ്യ ഘട്ടമായി 44 യൂണിററുകൾ നിർമ്മിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

## സൗഭാഗ്യം ഭവന പദ്ധതി

1 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള ദുർബല വിഭാഗക്കാർക്ക് 4% പലിശയ്ക്കും 2 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ളവർക്ക് 6.5% പലിശയ്ക്കും പലിശ സബ്സിഡി നൽകി ഭവന വായ്പാ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സൗഭാഗ്യം ഭവന പദ്ധതി. പദ്ധതി-യ്ക്കുള്ള വായ്പ സമാഹരിക്കുന്നതിനായി ദേശസാൽകൃത ബാങ്കുകളിൽ നിന്നും വായ്പ സമാഹരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഗൃഹശ്രീ പദ്ധതി

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബലവിഭാഗം (EWS) /താഴ്ന്ന വരുമാനവിഭാഗ (LIG)-ത്തിൽപ്പെട്ടവർക്ക്സന്നദ്ധസംഘടന/എൻ.ജി.ഒ/ കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി രണ്ട് ലക്ഷം രൂപ, സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തുകയായ 10.50 കോടി രൂപ ഉപയോഗിച്ച് 525 ഗുണഭോക്താ

ക്കൾക്ക് വിവിധ ഗഡുക്കളായി തുക അനുവദിച്ചിട്ടുണ്ട്. 2014 -15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തുകയായ 14.19 കോടിരൂപ ഉപയോഗിച്ച് ഇതുവരെ 507 ഗുണഭോക്താക്കൾക്ക് വിവിധ ഗഡുക്കളായി തുക അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ